(എ) നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലെ 6,7,8 വാർഡുകളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത വാർഡുകളിൽ ഉൾപ്പെടുന്ന കരിപ്പൂർ ഭാഗത്ത് ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൊല്ലംകാവിൽ ട്രാൻസ്ഫോർമറും അനുബന്ധ ത്രീ ഫെയ്സ് ലൈനുകളും സ്ഥാപിച്ച് പുത്തൻപാറ ട്രാൻസ്ഫോർമറുമായി ഇന്റർലിങ്കു ചെയ്ത് പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് നില മെച്ചപ്പെടുത്തി. പുലിപ്പാറ പ്രദേശത്തെ പനങ്ങോട്ടേലായിൽ 3 ഫേസ് കൺവേർഷൻ നടത്തി ആ പ്രദേശത്തെ വോൾട്ടേജ് നില ഒരു പരിധിവരെ പരിഹരിച്ചു. കൂടാതെ നെടുമങ്ങാട് മുൻസിപ്പാലിറ്റി ഡെപ്പോസിറ്റ് വർക്കായി പണമടച്ച രണ്ടു വർക്കുകൾ മുൻഗണന പ്രകാരം ചെയ്തുതീർക്കുമ്പോൾ 6,7,8 വാർഡുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

76 (1926) മലപ്പുറം ജില്ലയിലെ ഇലക്ട്രിസിറ്റി മേജർ സെക്ഷനുകൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എവിടെയൊക്കെ ഇലക്ട്രിസിറ്റി മേജർ സെക്ഷനുകളും, സെക്ഷനുകളും അനുവദിക്കണമെന്ന ആവശ്യമാണ് ഉയർന്നിട്ടുള്ളത്;

(ബി) എവിടെയൊക്കെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) അവയുടെ നടപടികളുടെ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) മഞ്ചേരി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ ആനക്കയം, പട്ടപ്പറമ്പ്, എടവണ്ണ കാരാട്ട്, എടവണ്ണപ്പാറ, കീഴാറ്റൂർ, കാക്കോസ്, തോങ്ങം എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. മേജർ സെക്ഷനാഫീസ് അനുവദിക്കണമെന്ന ആവശ്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി)ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച ബാദ്ധ്യതാപഠനം നടത്തിവരുന്നു. എന്നാൽ സർക്കാരിന്റെ പുതിയ വൈദ്യുതിനയം നടപ്പാക്കിക്കഴിഞ്ഞു മാത്രമേ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനം കൊക്കൊള്ളുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly